# കേരള കാർഷിക സർവകലാശാല

## നാളികേര ഗവേഷണകേന്ദ്രം, ബാലരാമപുരം

## കട്ടച്ചൽക്കുഴി, ബാലരാമപുരം

നമ്പർ ബി : 1161/2023 തീയതി :07.12.2023

**<u>പുനർ ക്വട്ടേഷൻ/ പുനർപരസ്യലേലം നോട്ടീസ്</u>**

കട്ടച്ചൽക്കുഴി നാളികേര ഗവേഷണ കേന്ദ്രത്തിലെ ലൈവ്സ്റ്റോക്ക് യൂണിറ്റിലെ 3 കാള കുട്ടികളെയും (നം.146, 148, 150) ഉത്പാദന ക്ഷമത കുറഞ്ഞ 2 വർഷം പ്രായമുള്ള 2 പെൺ ആട്ടുകളെയും (നം.172, 173) ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു. 146-ാം നമ്പർ കാള കുട്ടിക്ക് ഏകദേശം 26 കിലോ തൂക്കവും, 148-ാം നമ്പർ കാള കുട്ടിക്ക് ഏകദേശം 29 കിലോ തൂക്കവും, 150-ാം നമ്പർ കാള കുട്ടിക്ക് ഏകദേശം 29 കിലോ തൂക്കവും 172-ാം നമ്പർ ആടിന് ഏകദേശം 20 കിലോ തൂക്കവും, 173 നമ്പർ ആടിന് ഏകദേശം 19 കിലോ തൂക്കവും ഉണ്ട്. ടി കാള കുട്ടികളെയും ടി ആടിനെയും വാങ്ങുവാൻ താല്പര്യമുള്ളവരിൽ നിന്നും മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ/ പരസ്യലേലം ക്ഷണിച്ചു കൊള്ളുന്നു.

കാള കുട്ടികളെയും ആടിനെയും മൊത്തമായോ പ്രത്യേകമായോ ക്വട്ടേഷൻ/പരസ്യലേലം മുഖേന വാങ്ങാവുന്നതാണ്.

മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ മുഖേന കാളകുട്ടിയെയും ആടിനെയും വാങ്ങുവാൻ താല്പര്യമുള്ളവർ താത്പര്യപ്പെടുന്ന വില രേഖപ്പെടുത്തി (മൊത്തമായോ പ്രത്യേകമായോ) കവറിലാക്കി സീൽ ചെയ്ത്, കവറിനു പുറത്ത് വാങ്ങാൻ ഉദ്ദേശിക്കുന്ന കാള കുട്ടിയുടെ / കാള കുട്ടികളുടെ നമ്പർ സൂചിപ്പിച്ച് "കാള കുട്ടിയെ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തുകയും ആടിന്റെ/ആട്ടുകളുടെ നമ്പർ സൂചിപ്പിച്ച് "ആടിനെ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി പ്രൊഫസർ & ഹെഡ്, നാളികേര ഗവേഷണ കേന്ദ്രം, കട്ടച്ചൽക്കുഴി പി.ഒ., ബാലരാമപുരം - 695501 എന്ന വിലാസത്തിൽ 21.12.2023-ന് ഉച്ചയ്ക്ക് 2.30 മണിക്ക് മുമ്പായി അയയ്ക്കുകയോ നേരിട്ട് എത്തിയ്ക്കുകയോ ചെയ്യേണ്ടതാണ്. അന്നേ ദിവസം 3 മണിക്ക് കാള കുട്ടികളുടെയും ആടിന്റെയും പരസ്യലേലവും ഉണ്ടായിരിക്കുന്നതാണ്. പരസ്യ ലേലത്തിനു ശേഷം ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം തന്നെ ക്വട്ടേഷനുകൾ തുറക്കുന്നതും, ക്വട്ടേഷനിലും പരസ്യലേലത്തിലും കൂടി ലഭ്യമായ ഏറ്റവും കൂടിയ നിരക്ക് സർക്കാർ/ സർവകലാശാല മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗീകരിക്കുന്നതുമായിരിക്കും. പരസ്യലേലം/ ക്വട്ടേഷൻ സ്വീകരിക്കുന്നതിനും റദ്ദുചെയ്യുന്നതിനും, മാറ്റിവയ്ക്കുന്നതിനും നിരസിക്കുന്നതിനും, പുനർലേലം/പുനർക്വട്ടേഷൻ നടത്തുന്നതിനുള്ള പരമാധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ/ഇതേ ആവശ്യത്തിനുവേണ്ടി രൂപീകരിക്കുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

ക്വട്ടേഷനിലും, പരസ്യലേലത്തിലും

പ്രത്യേകമായോ, രണ്ടിലും കൂടിയോ, പങ്കെടുക്കുവാൻ താൽപര്യപ്പെട്ടുവരുന്നവർക്കും അർഹതയുണ്ടായിരിക്കും.

ലേലത്തിനുള്ള 146, 148, 150 എന്നീ നമ്പറിലുള്ള 3 കാള കുട്ടികളെയും172, 173 നമ്പറിലുള്ള 2 ആട്ടുകളെയും നേരിൽക്കണ്ട് ബോധ്യപ്പെടുന്നതിന് താത്പര്യമുള്ളവർക്ക് നേരിൽ ഹാജരായാൽ ഓഫീസ് പ്രവൃത്തി സമയത്ത് അതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് 0471-2400621 എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്.

**ഒപ്പ്/-**

**പ്രൊഫസർ ആന്റ് ഹെഡ്**

<u>പകർപ്പ് :</u>

1. കേരള കാർഷിക സർവ്വകലാശാല വെബ്ബ്സൈറ്റ്
2. അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്. (ദക്ഷിണമേഖല), കാർഷിക കോളേജ്, വെള്ളായണി
3. അസിസ്റ്റന്റ് പ്രൊഫസർ & വെറ്റി ഇൻ - ചാർജ്ജ്
4. ഫാം സൂപ്പർവൈസർ ഗ്രേഡ്-II (വെറ്റി)
5. വെങ്ങാനൂർ/കോട്ടുകാൽ/ബാലരാമപുരം/കല്ലിയൂർ വില്ലേജാഫീസ്/ പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിലേയ്ക്ക്